ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്.*

(സി) തിരുവനന്തപുരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതികളുടെ വിവരം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.*

(ഡി&ഇ) വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്ന പദ്ധതികളുടെ ഗുണനിലവാരം പരിശോധിച്ചശേഷമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണനിലവാരവും സുരക്ഷയും അതാതു സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.

(എഫ്) ജനകീയാസൂത്രണത്തിന്റെ കീഴിൽ വരുന്ന ശുദ്ധജലവിതരണ പദ്ധതികളുടെ എസ്റ്റിമേറ്റ് സെക്ഷൻ ആഫീസ് തലത്തിൽ തയ്യാറാക്കിക്കൊടുക്കുന്നതാണ്. നിലവിലുള്ള ചട്ടപ്രകാരം ജനകീയാസൂത്രണ പദ്ധതികളുടെ സാങ്കേതികാനുമതി നൽകുന്നത് വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥർ (സെക്ഷൻ ആഫീസ്/സബ് ഡിവിഷൻ ആഫീസ്/ഡിവിഷൻ ആഫീസ്) ഉൾക്കൊള്ളുന്നു. അതാത് ബി.എൽ.ഇ.സി./ഡി.എൻ.ഇ.സി./എം.എൽ.ഇ.സി./ഡി.എൻ.ഇ.സി. ആണ്. കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് ആയി ഏറ്റെടുക്കുന്ന പദ്ധതികളുടെ സാങ്കേതികാനുമതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്നതാണ്. ജനകീയാസൂത്രണ പദ്ധതികൾക്ക് ആവശ്യമായ മെറ്റീരിയൽസ് ജില്ലാ കളക്ടർ ആണ് ലഭ്യമാക്കേണ്ടത്. അതിനായി മെറ്റീരിയൽസിന്റെ കണക്കുകൾ കെ.ഡബ്ല്യൂ.എ. ഉദ്യോഗസ്ഥർ തിട്ടപ്പെടുത്തി കൊടുക്കുന്നതാണ്. ഇതു കൂടാതെ പുരോഗതി അവലോകനം ചെയ്യുന്ന ഗുണഭോക്തൃ കമ്മിറ്റിയിൽ കെ.ഡബ്ല്യൂ.എ. ഉദ്യോഗസ്ഥരും അംഗങ്ങളാണ്. കെ.ഡബ്ല്യൂ.എ. ചെയ്യുന്ന ജോലിയുടെ മേൽനോട്ടം, അളവെടുപ്പ്, അളവ് പരിശോധിക്കൽ മുതലായവ കെ.ഡബ്ല്യൂ.എ. ഉദ്യോഗസ്ഥർ ചെയ്യുന്നതാണ്.

മീനങ്ങാടി, പൂതാടി പഞ്ചായത്തുകളിലെ കുടിവെള്ള വിതരണം

153 (2618) ശ്രീ. വർഗ്ഗീസ് വൈദ്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻബത്തേരി നിയോജക മണ്ഡലത്തിലെ മീനങ്ങാടി, പൂതാടി പഞ്ചായത്തുകളിലെ പുല്ലുമല, മൂന്നാനക്കുഴി, വാളവയൽ പ്രദേശങ്ങളിലെ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടി കൈക്കൊള്ളുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടി വിശദമാക്കാമോ ?

ഉത്തരം

(എ&ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രാജീവ് ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ മിഷനിൽ ഉൾപ്പെടുത്തി, പുല്ലുമല, മൂന്നാനക്കുഴി എന്നീ പ്രദേശങ്ങൾക്കു വേണ്ടി മൂന്നാനക്കുഴി, ഊരാളി കാട്ടുനായിക്കം കോളനി ശുദ്ധജലവിതരണ പദ്ധതി എന്ന ഒരു പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പുതുക്കിയ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. വാളവയൽ പ്രദേശത്തിനുവേണ്ടി ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി ഒരു ശുദ്ധജലവിതരണപദ്ധതി പഞ്ചായത്ത് നടപ്പാക്കുന്നുണ്ട്.

കോതകുളങ്ങര നോർത്ത് വാട്ടർ സപ്ലൈ സ്കീം

154 (2619) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ കോതകുളങ്ങര നോർത്ത് വാട്ടർ സപ്ലൈ സ്കീമിന്റെ നിർമ്മാണം തുടങ്ങിയോ ; എങ്കിൽ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) തുടങ്ങിയില്ലെങ്കിൽ പണി തുടങ്ങുന്നതിന് കാലതാമസം എന്തുകൊണ്ടാണെന്നും ആയത് ഒഴിവാക്കി പണി എന്നത്തേക്ക് തുടങ്ങുവാൻ കഴിയും എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത സ്കീമിന്റെ പണികൾ തുടങ്ങിയിട്ടുണ്ട്. ഇൻ ടേക്ക് വെൽ, ട്രീറ്റ്മെന്റ് പ്ലാന്റ് ഇവയ്ക്കുള്ള സ്ഥലം ലഭ്യമായിട്ടുണ്ട്. ഇൻടേക് വെല്ലിന്റെ പണിക്കുള്ള ടെൻഡർ ചെയ്തു കഴിഞ്ഞു. ട്രീറ്റ്മെന്റ് പ്ളാന്റിന്റെ എസ്റ്റിമേറ്റിന്റേയും ഡിസൈനിന്റെയും പരിശോധന നടന്നുവരുന്നു. ഉടൻതന്നെ പ്രസ്തുത പണികൾക്കുള്ള ടെന്റർ ക്ഷണിക്കുന്നതാണ്. പമ്പിംഗ് മെയിനിന്റെ പണികൾ ആരംഭിച്ചിട്ടുണ്ട്. വിതരണശൃംഖലയ്ക്കുള്ള പൈപ്പുകൾ ലഭിച്ചിട്ടില്ല.

(ബി) പണികൾ തുടങ്ങിയിട്ടുണ്ട്.

ശുദ്ധജലതടാകങ്ങൾ

155 (2620) ശ്രീ. ബാബുദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ശുദ്ധജല തടാകങ്ങൾ ഉണ്ട് ;

(ബി) അവ എവിടെയെല്ലാം സ്ഥിതിചെയ്യുന്നു ;

(സി) ഇവയുടെ സംരക്ഷണ ചുമതല ആർക്കാണ് ;

LIBRARY ARCHIVES Kerala Legislative Assembly